സി.എം റഫീഖ് കോക്കൂർ

# മർദിതർക്കുവേണ്ടിയുള്ള പോരാട്ടം സ്വർഗം ഉറപ്പുനൽകുന്നു

عَنْ ابْن عُمر رَضِيَ الله عَنْهُ قَالَ: قَالَ رَسُولُ الله ﷺ مَنْ مَشَى مَعَ مَظْلُومٍ حَتَى يُثَبِّتَ لَهُ حَقَّهُ ثَبَّتَ الله قَدَمَيْهِ يَوْمَ تَزِلُّ الْأَقْدَامُ (ابو داود)

ഇബ്നു ഉമറി(റ)ൽനിന്ന് നിവേദനം: നബി (സ) അരുളി: "മർദിതന്റെ അവകാശങ്ങൾ വീണ്ടെടുക്കുന്നതുവരെ അയാളോടൊപ്പം നിലയുറപ്പിക്കുന്നവന്റെ പാദങ്ങൾക്ക് എല്ലാ പാദങ്ങളും വഴുതിവീഴുന്ന ദിനത്തിൽ അല്ലാഹു കരുത്തുനൽകും" (അബൂദാവൂദ്).

സമൂഹത്തിൽ എക്കാലത്തും മർദകരും മർദിതരുമുണ്ടായിട്ടുണ്ട്. മർദകർക്കെതിരെ മർദിതന്റെ പക്ഷത്ത് നിലകൊള്ളാനാണ് ഇസ്‌ലാം ആവശ്യപ്പെടുന്നത്. മർദിതന്റെ അവകാശങ്ങൾ നേടിയെടുക്കുന്നതുവരെ ആ പിന്തുണ തുടരണം. റസൂൽ (സ) പറഞ്ഞു: "തന്റെ മുന്നിൽ ഒരാൾ മർദിക്കപ്പെടുമ്പോൾ നിങ്ങളിലാരും അത് കണ്ടുനിൽക്കരുത്. മർദനം നടക്കുമ്പോൾ അത് തടയാതിരിക്കുന്നവൻ അല്ലാഹുവിന്റെ ശാപം പേറേണ്ടിവരും" (ത്വബറാനി).

മർദകർ ആരായിരുന്നാലും മുഖം നോക്കാതെ അവർക്കെതിരെ നിലപാടെടുത്ത് മർദിതന്റെ പക്ഷത്ത് നിലകൊള്ളേണ്ടവനാണ് വിശ്വാസി. മർദനത്തിന് നേതൃത്വം നൽകുന്നത് സ്വന്തം ബന്ധുവോ സമുദായക്കാരനോ ആണെങ്കിലും മർദിതന്റെ പക്ഷത്താണ് വിശ്വാസി നിലയുറപ്പിക്കേണ്ടത്.

നബി (സ) വ്യക്തമാക്കുന്നു: "നിങ്ങളുടെ സഹോദരൻ മർദകനായാലും മർദിതനായാലും നിങ്ങളവനെ സഹായിക്കുക."

"മർദിതനെ സഹായിക്കാൻ പറഞ്ഞത് മനസ്സിലാക്കാം. മർദകനെ സഹായിക്കുന്നതെങ്ങനെയാണ്?"-പ്രവാചകന്റെ അനുചരന്മാരിൽ ചിലർ സംശയം പ്രകടിപ്പിച്ചു. റസൂൽ (സ) വിശദീകരിച്ചു: "മർദിക്കുന്നതിൽനിന്ന് അവനെ തടുത്തുനിർത്തുക. അതാണ് അവന് നൽകുന്ന സഹായം."

മർദകർക്കെതിരെ മർദിതരെ സഹായിക്കുക എന്നത് ഓരോ വിശ്വാസിയും, കഴിവും സാധ്യതയുമനുസരിച്ച് നിർവഹിച്ചുകൊണ്ടിരിക്കേണ്ട ബാധ്യതയാണ്. സമൂഹത്തിൽ അധികാരവും സ്വാധീനവും നേതൃപദവിയുമുള്ളവരാണെങ്കിൽ അവരുടെ ഈ ഉത്തരവാദിത്തം വർധിക്കുന്നു. അവർ മർദകർക്കെതിരെയുള്ള പോരാട്ടത്തിൽ മുൻനിരയിൽ തന്നെയുണ്ടാകണം.

റസൂൽ (സ) പറഞ്ഞു: "ചില ആളുകളെ അല്ലാഹു ഉന്നത സ്ഥാനമാനങ്ങൾ നൽകി അനുഗ്രഹിക്കുന്നത്, ജനങ്ങളുടെ ആവശ്യങ്ങൾക്ക് വേണ്ടിയാണ്. എന്നാൽ ചിലർ തങ്ങളുടെ സ്ഥാനമാനങ്ങൾ ജനദ്രോഹത്തിനുവേണ്ടി ഉപയോഗപ്പെടുത്തും. അങ്ങനെയുള്ള പ്രമാണിമാരെക്കൊണ്ട് ജനം പൊറുതിമുട്ടുമ്പോൾ അല്ലാഹു അവർക്ക് നൽകിയ അനുഗ്രഹങ്ങൾ അവരിൽനിന്ന് വേർപ്പെടുത്തിയെടുത്ത് മറ്റ് ചിലർക്ക് വിട്ടുകൊടുക്കും" (ത്വബറാനി).

വിശ്വാസിയുടെ ആത്യന്തിക വിജയം പാരത്രിക ലോകത്താണ്. നരകവിമുക്തിയും സ്വർഗപ്രവേശവുമാണത്. പരലോക വിചാരണാ വേള മനുഷ്യന്റെ മുഴുവൻ കരുത്തും ചോർന്ന് ദുർബലമാകുന്ന സന്ദർഭമാണ്. താൻ ദുൻയാവിൽ ചെയ്ത കർമങ്ങളുടെ ഫലങ്ങൾ നേരിൽ കാണുമ്പോൾ അവൻ തളർന്നുപോകും. അത്തരമൊരു ദിനത്തിൽ ദുർബലർക്കും പീഡിതർക്കും വേണ്ടി ശബ്ദിച്ചവർക്കും പോരാടിയവർക്കും അല്ലാഹു പ്രത്യേക കരുത്ത് നൽകും.

അതിനാൽ മുഴുവൻ പീഡിതരോടും ഐക്യദാർഢ്യപ്പെട്ട് അവർക്കു വേണ്ടി പോരാടാൻ വിശ്വാസികൾക്ക് സാധിക്കേണ്ടതുണ്ട്. ●